പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3577 10.04.2013 - ൽ മറുപടിയ്ക്ക്

**ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട മിശ്രവിവാഹിതർക്കുള്ള ധനസഹായം**

ചോദ്യം | ഉത്തരം

ശ്രീ. എസ്. ശർമ്മ

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട മിശ്രവിവാഹിതർക്ക് നൽകി വരുന്ന ധനസഹായം ഏതു കാലയളവു മുതൽ നൽകുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട മിശ്ര വിവാഹിതർക്ക് പ്രത്യേകമായുള്ള ധനസഹായ പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെടാത്ത മിശ്രവിവാഹ ദമ്പതികൾക്ക് സാമൂഹ്യനീതി വകുപ്പുവഴി ധനസഹായം നൽകി വരുന്നു. ഈ പദ്ധതിയിൽ 2011 മുതലുള്ള അപേക്ഷകർക്ക് ധനസഹായം നൽകാനുണ്ട്. |
| (ബി) | എറണാകുളം ജില്ലയിൽ പ്രസ്തുത ധനസഹായം ലഭിക്കുന്നതിന് 2012 - 2013 സാമ്പത്തിക വർഷം അപേക്ഷിച്ചവർ എത്രയെന്നും ആയതിൽ അർഹരായവർ എത്രയെന്നും, എത്രപേർക്ക് എന്നു മുതൽ ധനസഹായം വിതരണം ചെയ്യുവാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ ? | (ബി) | മിശ്രവിവാഹിതരുടെ 12 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എല്ലാ ആപേക്ഷകരും ധനസഹായത്തിന് അർഹരാണ്. 2011-12 സാമ്പത്തിക വർഷം മുതൽ ലഭിച്ച 30 അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ